**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.673</u>** **<u>30/06/2015-ൽ മറുപടിക്ക്</u>**

# <u>സർക്കാർ ആശുപത്രികളിലെ ജീവനക്കാരും അവശ്യമരുന്നുകളും</u>

**<u>ചോദ്യം</u>**

ശ്രീ.ബാബു എം. പാലിശ്ശേരി

**<u>മറുപടി</u>**

ശ്രീ. വി എസ് ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ വെട്ടിക്കുറച്ചതുമൂലവും വേണ്ടത്ര ഡോക്ടർമാരും നഴ്സ്മാരും ഇല്ലാത്തതുമൂലവും രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിലെല്ലാം തന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തിരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ബി) | ഇത് മൂലം പാവപ്പെട്ട രോഗികൾ കൂടുതലായി സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശ്യമരുന്നുകൾ എത്ര തവണ വെട്ടിക്കുറച്ചിട്ടുണ്ട് ; ഓരോവർഷവും നിലവിലുണ്ടായിരുന്നതെത്രയെന്നും വെട്ടിക്കുറച്ചതെത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ ; | (സി) & (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന 2011 ന് ശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ മരുന്നു പട്ടികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ഡി) | ഇതിൽ ഏതെല്ലാം മാരകരോഗങ്ങൾക്കുള്ള മരുന്നുകളാണ് വെട്ടിക്കുറച്ചത് ; | | |

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| മരുന്നു ഇനം | 518 | 832 | 771 | 585 |

**<u>2014-15</u>** : ഇതിൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല, ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, മറ്റു ചില മരുന്നുകൾ പല സ്ട്രെങ്ങ്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക വർഷത്തെ മരുന്നു പട്ടിക പുനപരിശോധിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 771 ഇനം മരുന്നുകളാക്കി നിജപ്പെടുത്തി.

**<u>2015-16</u>** : നിലവിലുള്ള 771 ഇനം മരുന്നുകളുടെ പട്ടിക, ദേശീയ മരുന്നു പട്ടികയ്ക്കനുസരിച്ച് (National List of Essential Medicines – NLEM) പുതുക്കി നിർണ്ണയിച്ചു. അതനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ഓരോ മരുന്നുകളും വിശദമായി വിശകലനം ചെയ്യുകയുണ്ടായി.

<table>
<tr>
<td></td>
<td></td>
<td></td>
<td>1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്<br>2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ<br>3. ദേശീയ അവശ്യമരുന്ന പട്ടികയിലുള്ള (NLEM) പ്രസ്തുത മരുന്നിന്റെ സ്ഥാനം<br>4. മരുന്ന പട്ടികയിൽ പ്രസ്തുത മരുന്നിന പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/ മരുന്നിന്റെ സ്റ്റെംങ്ത് ആദിയായവ<br>5. മരുന്നിന് വിതരണക്കാരെ ലഭിക്കാത്തത് അതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച തെറ്റുകളാലാണോ തുടങ്ങിയവ<br>6. മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള ജനറിക് മരുന്ന നയം എന്നിവ<br>അതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ മരുന്നും അനുബന്ധ ഉപകരണങ്ങളുടെയും അന്തിമ പട്ടിക 585 ആക്കി പുനർനിർണ്ണയിച്ചു.</td>
</tr>
<tr>
<td>(ഇ)</td>
<td>നിലവിൽ ഡോക്ടർമാരുടേയും നഴ്സ്മാരുടേയും എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?</td>
<td>(ഇ)</td>
<td>ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>അഡ്മിനിസ്ട്രേറ്റീവ് കേഡർ</td><td>41</td></tr>
<tr><td>ജനറൽ കേഡർ</td><td>136</td></tr>
<tr><td>സ്പെഷ്യാലിറ്റി കേഡർ</td><td>410</td></tr>
<tr><td>സ്റ്റാഫ് നേഴ്സ് ഗ്രേഡ് - I</td><td>23</td></tr>
</table>
സ്റ്റാഫ് നേഴ്സ് ഗ്രേഡ് II ന്റെ നിയമനം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ആയതിനാൽ കാലാകാലങ്ങളിലെ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്ലിനിക്കൽ നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലായി 486 ഡോക്ടർമാരുടെയും 877 നഴ്സമാരുടെയും ഒഴിവുകളുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ